**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2372** **05-02-2026 - ൽ മറുപടിയ്ക്ക്**

**എളവള്ളി ഗ്രാമപഞ്ചായത്തിലെ ഓവർസീയർ തസ്തിക ഒഴിവുകൾ നികത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എളവള്ളി ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓവർസീയർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണെന്നും സമീപ പഞ്ചായത്തുകളിൽ നിന്നുമെത്തുന്ന ഓവർസീയർമാരുടെ സേവനം ആഴ്ചയിൽ രണ്ടു ദിവസം മാത്രമാണുള്ളതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ തേർഡ് ഗ്രേഡ് ഓവർസിയറുടെ, രണ്ട് അംഗീകൃത തസ്തികകളാണുള്ളത്. സ്ഥാനക്കയറ്റം, സ്ഥലം മാറ്റം എന്നീ കാരണങ്ങളാൽ ടി തസ്തികകളിൽ ഒഴിവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജിവനക്കാരുടെ അപര്യാപ്തത പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ ബാധിക്കാനിടയുള്ളതിനാൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമ പഞ്ചായത്തിലെ തേർഡ് ഗ്രേഡ് ഓവർസിയർ തസ്തികയിലെ ഒഴിവിലേയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ (റൂറൽ) 25.08.2025, 14.10.2025 തീയതികളിലെ LSGD/PD/47934/2023-DEE2 നം. ഉത്തരവ് പ്രകാരം ശ്രീജു എം. ബി, ഗോപിക ബാലഗോപാൽ പി. എസ് എന്നീ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി ഒഴിവ് നികത്തിയിരുന്നെങ്കിലും ടി ഉദ്യോഗാർത്ഥികൾ സേവനത്തിൽ പ്രവേശിച്ചിട്ടില്ല എന്ന് ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ (റൂറൽ) 22.01.2026-ലെ LSGD/PD/18550/2025-DEE2 നം. ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ കൊരട്ടി ഗ്രാമ പഞ്ചായത്ത് തേർഡ് ഗ്രേഡ് ഓവർസിയർ ശ്രീ. നീരജ് കൃഷ്ണ ടി. ആർ(PEN: 1019778) എന്നവരെ എളവള്ളി ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ തേർഡ് ഗ്രേഡ് ഓവർസിയർ തസ്തികയിലെ നിയമനത്തിന് റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ടി തസ്തികയിൽ നിയമനത്തിന് ജില്ലാടിസ്ഥാനത്തിൽ പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക |

| | | | |
|---|---|---|---|
| | | | നിയമനം നടത്തുന്നതിന് 31.01.2026-ലെ LSGD/PD/41926/2024-DEE2 കത്ത് മുഖാന്തിരം ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ